**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - ജില്ലാ ജുഡീഷ്യറി എസ്റ്റാബ്ലിഷ്മെന്റിൽ 52 തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (എൽ) വകുപ്പ്**

സ.ഉ.(കൈ) നം.59/2026/HOME തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:-

1. കേരള ക്രിമിനൽ ജുഡീഷ്യൽ സ്റ്റാഫ് അസോസിയേഷനും കേരള സിവിൽ ജുഡീഷ്യൽ സ്റ്റാഫ് ഓർഗനൈസേഷനും ഫയൽ ചെയ്ത OP No.706/2001 ഹർജിയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 24.05.2001 ലെ വിധിന്യായം
2. WP(C)No.22363/2016 ന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 01.10.2019 ലെ ഉത്തരവ്
3. 25.02.2019 ലെ സ.ഉ.(സാധാ)നം.606/2019/ആഭ്യന്തരം
4. 04.12.2019 ലെ സ.ഉ.(സാധാ)നം.3561/2019/ആഭ്യന്തരം.
5. 29.02.2024 ലെ സ.ഉ.(സാധാ)നം.618/2024/ആഭ്യന്തരം.
6. 21.10.2025 ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ നടപടിക്കുറിപ്പ്
7. WP(C)No.22363/2016 ന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 29.10.2025 ലെ ഉത്തരവ്
8. കേരള ഹൈക്കോടതിയുടെ 08.11.2025 ലെ HCKL/8614/2025-DII-9 നോട്ടിഫിക്കേഷൻ
9. കേരള ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ 17.11.2025 ലെ D8-48484/1987/DII-9 നമ്പർ കത്ത്.
10. WP(C)No.22363/2016 ന്മേലുള്ള ബഹു. കേരള ഹൈക്കോടതിയുടെ 09.01.2026 & 28.01.2026 തീയതികളിലെ ലെ ഉത്തരവുകൾ
11. W.P.(PIL)No.4 & 8 of 2026 എന്ന പൊതുതാൽപ്പര്യ ഹർജിയിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 17.05.2026-ലെ വിധിന്യായം
12. കേരള സംസ്ഥാനം ഫയൽ ചെയ്ത SLP (C) Nos. 7508-7509/2026 എന്ന ഹർജിയിന്മേലുള്ള ബഹു. സുപ്രീംകോടതിയുടെ 24.02.2026 ലെ ഉത്തരവ്

WP(C)No.22363/2016-ന്മേൽ കേരള സിവിൽ ജുഡീഷ്യൽ സ്റ്റാഫ്

13. ഓർഗനൈസേഷൻ ബഹു.ഹൈക്കോടതി മുൻപാകെ സി.സി നം.551/2026-ആയി ഫയൽ ചെയ്ത കോടതിയലക്ഷ്യ ഹർജിയിന്മേലുള്ള 25.02.2026 തീയതിയിലെ ഉത്തരവ്.

**ഉത്തരവ്**

ജില്ലാ ജുഡീഷ്യറിയുടെ ഭാഗമായ കോടതികളിലേക്ക് പരാമർശം (1) ലെ വിധിന്യായത്തിന് അനുസൃതമായി അധിക തസ്തികകൾ അനുവദിക്കുന്നതിന് നടപടി കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ട് കേരള സിവിൽ ജുഡീഷ്യൽ സ്റ്റാഫ് ഓർഗനൈസേഷൻ WP(C)No.22363/2016 എന്ന ഹർജി ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഹർജി പരിഗണിച്ച ബഹു. കേരള ഹൈക്കോടതി, പരാമർശം (2) ഉത്തരവ് പ്രകാരം സർക്കാരിനോട് ഒരു ഒ&എം വർക്ക് സ്റ്റഡി കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3), (4) ഉത്തരവുകൾ പ്രകാരം കോടതികളിലെ ജോലി ഭാരം അസസ് ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റിയെ പരാമർശം (5) ഉത്തരവ് പ്രകാരം പുനഃക്രമീകരിക്കുകയും ചെയ്തിരുന്നു.

2. ആയത് പരിഗണിച്ച് വരികെ, നിലവിലുള്ള കോടതികളിലെ അടിസ്ഥാന സൗകര്യങ്ങളുടെയും മനുഷ്യവിഭവശേഷിയുടെയും ഫലപ്രദമായ വിനിയോഗത്തെക്കുറിച്ചുള്ള ഒരു വിലയിരുത്തൽ/പഠനം നടത്തുന്നത് പരിശോധിക്കുന്നതിനായി 21.10.2025 ൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഒരു യോഗം വിളിച്ചുചേർക്കുകയും, ആയതിൽ കോടതിയിലെ നിലവിലെ സൗകര്യങ്ങളുടെയും മനുഷ്യവിഭവശേഷിയുടെയും വിനിയോഗത്തിന് മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിന് സർക്കാരിന്റെയും ഹൈക്കോടതിയുടെയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും, ഭാവിയിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള എല്ലാ നിർദ്ദേശങ്ങളും പ്രസ്തുത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണമെന്നും തീരുമാനിച്ചിരുന്നു. അതോടൊപ്പം അടിയന്തരമായി ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രത്യേകമായി പരിശോധിച്ച് നടപടികൾ കൈക്കൊള്ളണമെന്നും പ്രസ്തുത യോഗത്തിൽ തീരുമാനമായിരുന്നു.

3. കേരള സിവിൽ ജുഡീഷ്യൽ സ്റ്റാഫ് ഓർഗനൈസേഷൻ ഫയൽ ചെയ്ത WP(C)No.22363/2016 എന്ന ഹർജിയിന്മേൽ, 21.10.2025 ലെ യോഗ തീരുമാനങ്ങൾ കൂടി പരിഗണിച്ച്കൊണ്ട് ബഹു. ഹൈക്കോടതി പരാമർശം (7) ഉത്തരവ് പ്രകാരം, ജില്ലാ ജുഡീഷ്യറിയിൽ ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ പരിശോധിച്ച് വിലയിരുത്തുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിന് ഏകീകൃത മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിനും മനുഷ്യവിഭവശേഷിയുടെ പരിപൂർണ വിനിയോഗത്തിനും ആയി ഒരു ഉന്നതതല സമിതി രൂപീകരിക്കണമെന്ന് ഉത്തരവായിരുന്നു.

4. ആയതിന്റെ അടിസ്ഥാനത്തിൽ, ഹൈക്കോടതി രജിസ്ട്രാർ ജനറൽ പരാമർശം (8) നോട്ടിഫിക്കേഷൻ പ്രകാരം, ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി; ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി; കേരള ഹൈക്കോടതി രജിസ്ട്രാർ ജനറൽ (കോർഡിനേറ്റർ); കേരള ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി), നിയമ വകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന ഒരു ഉന്നതതല സമിതി രൂപീകരിച്ചു.

5. തുടർന്ന്, പരാമർശം (9) കത്ത് പ്രകാരം, ജില്ലാ ജുഡീഷ്യറിയിൽ ജീവനക്കാരുടെ തസ്തികകളുടെ അഭാവം പരിഹരിക്കുന്നതിലേക്കായി അടിയന്തരമായി ആവശ്യമുള്ള ചുവടെ

ചേർത്തിരിക്കുന്ന 80 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ഹൈക്കോടതി രജിസ്ട്രാർ ജനറൽ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി:-

| ക്രമ നം. | തസ്തികകൾ | തസ്തിക ആവശ്യമായ കോടതികൾ | എണ്ണം |
|---|---|---|---|
| 1 | ജൂനിയർ സൂപ്രണ്ട് | 18 കുടുംബ കോടതികൾ | 18 |
| 2 | ബെഞ്ച് ക്ലർക്ക് | 8 കുടുംബ കോടതികൾ | 8 |
| 3 | ക്ലർക്ക് | POCSO കേസുകൾ പരിഗണിക്കുന്ന 11 അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതികൾ (തിരുവനന്തപുരം, എറണാകുളം & കോഴിക്കോട് ഒഴികെ) | 11 |
| 4 | ക്ലർക്ക് | NDPS വിഷയം പരിഗണിക്കുന്ന 12 പ്രിൻസിപ്പൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതികൾ (തൊടുപുഴ & കോഴിക്കോട് ഒഴികെ) | 12 |
| 5 | ക്ലർക്ക് | LARR വിഷയം പരിഗണിക്കുന്ന 14 അഡീഷണൽ ഡിസ്ട്രിക്ട് കോടതികൾ | 14 |
| 6 | ക്ലർക്ക് | BUDS Act സംബന്ധിച്ച കേസുകൾ പരിഗണിക്കുന്ന അഡീഷണൽ ഡിസ്ട്രിക്ട് കോടതികൾ | 14 |
| 7 | ജൂനിയർ സൂപ്രണ്ട് & ഹെഡ് ക്ലർക്ക് | തൃശ്ശൂർ പ്രിൻസിപ്പൽ ഡിസ്ട്രിക്ട് കോടതി | 2+1 |
| | **ആകെ തസ്തികകൾ** | | **80** |

6. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. SLP(C)No.7508-7509/2026 എന്ന ഹർജിയിന്മേൽ ബഹു. സുപ്രീം കോടതിയുടെ അന്തിമവിധിക്ക് വിധേയമായി, ജില്ലാ ജുഡീഷ്യറി എസ്റ്റാബ്ലിഷ്മെന്റിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം 52 തസ്തികകൾ, സൃഷ്ടിക്കുന്നതിന്

അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | തസ്തികകൾ | തസ്തിക അനുവദിച്ച കോടതികൾ | അനുവദിച്ച തസ്തികളുടെ എണ്ണം |
|---|---|---|---|
| 1 | ജൂനിയർ സൂപ്രണ്ട് | 18 കുടുംബ കോടതികൾ | 18 |
| 2 | ബെഞ്ച് ക്ലർക്ക് | 8 കുടുംബ കോടതികൾ | 08 |
| 3 | ജൂനിയർ സൂപ്രണ്ട് & ഹെഡ് ക്ലർക്ക് | തൃശ്ശൂർ പ്രിൻസിപ്പൽ ഡിസ്ട്രിക്ട് കോടതി | 2+1 |
| 4 | ക്ലാർക്ക് | POCSO കേസുകൾ പരിഗണിക്കുന്ന 11 അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതികൾ (തിരുവനന്തപുരം, എറണാകുളം & കോഴിക്കോട് ഒഴികെ) | 11 |
| 5 | ക്ലാർക്ക് | NDPS വിഷയം പരിഗണിക്കുന്ന 12 പ്രിൻസിപ്പൽ ഡ്സ്ട്രിക്ട് & സെഷൻസ് കോടതികൾ (തൊടുപുഴ & കോഴിക്കോട് ഒഴികെ) | 12 |
| | | ആകെ | 52 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ കേരളം , എറണാകുളം (കവറിംഗ് ലെറ്റർ സഹിതം)
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് & എ.ഇ.) കേരള, തിരുവനന്തപുരം
3.രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം (കവറിംഗ് ലെറ്റർ സഹിതം)
4. രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി), കേരള ഹൈക്കോടതി, എറണാകുളം (കവറിംഗ് ലെറ്റർ സഹിതം)
5. പൊതുഭരണ (എസ്.സി) വകുപ്പ് (05.03.2026 ലെ ഇനം.3810 പ്രകാരം)

6. ധനകാര്യ വകുപ്പ് (17.02.2026 ലെ യു.ഒ നം.3346974/EXP-D2/285/2025-FIN)
5. വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
6. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Kavitha S
Date: 10-03-2026 10:55:10

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പി.എസ് ന്
ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
നിയമ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്
ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 05-03-2026**

ഫയൽ നം. എൽ1/271/2025/ആഭ്യന്തരം. ഇനം നം: 3810

വിഷയം : ആഭ്യന്തര വകുപ്പ് - ജില്ലാ ജുഡീഷ്യറി എസ്റ്റാബ്ലിഷ്മെന്റിൽ 52 തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : SLP(C)No.7508-7509/2026 എന്ന ഹർജിയിന്മേൽ ബഹു. സുപ്രീം കോടതിയുടെ അന്തിമവിധിക്ക് വിധേയമായി കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

3810

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എൽ1/271/2025/ആഭ്യന്തരം |
| 2. | വകുപ്പ് | ആഭ്യന്തര (എൽ) വകുപ്പ് |
| 3. | വിഷയം | ജില്ലാ ജുഡീഷ്യറി എസ്റ്റാബ്ലിഷ്മെന്റിൽ 52 തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിന് സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 02/03/2026 |
| 5. | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതേ<br>അതേ |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര്? | ശ്രീ. നവീൻ കൃഷ്ണൻ ജി.ഐ. |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്? | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 27/02/2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 28/02/2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 02/03/2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 02/03/2026 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ജില്ലാ ജുഡീഷ്യറി എസ്റ്റാബ്ലിഷ്മെന്റിൽ 52 തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2) നിലവിലുള്ള കോടതികളിലെ അടിസ്ഥാന സൗകര്യങ്ങളുടെയും മനുഷ്യവിഭവശേഷിയുടെയും ഫലപ്രദമായ വിനിയോഗത്തെക്കുറിച്ചുള്ള ഒരു വിലയിരുത്തൽ/പഠനം നടത്തുന്നത് പരിശോധിക്കുന്നതിനായി 21.10.2025 ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഒരു യോഗം വിളിച്ചുചേർക്കുകയുണ്ടായി. കോടതിയിലെ നിലവിലെ സൗകര്യങ്ങളുടെയും മനുഷ്യവിഭവശേഷിയുടെയും വിനിയോഗത്തിന് മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിന് സർക്കാരിന്റെയും ഹൈക്കോടതിയുടെയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കാൻ പ്രസ്തുത യോഗത്തിൽ തീരുമാനിച്ചു. കൂടാതെ ഭാവിയിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള എല്ലാ നിർദ്ദേശങ്ങളും പ്രസ്തുത അംഗീകൃത മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണമെന്നും തീരുമാനിച്ചു. അടിയന്തരമായി ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രത്യേകമായി ഇതിനോടകം പരിഗണിക്കണമെന്നും യോഗത്തിൽ തീരുമാനമായിരുന്നു.

3) ജില്ലാ ജുഡീഷ്യറിയിൽ അധിക തസ്തികകൾ ആവശ്യപ്പെട്ട് കേരള സിവിൽ ജുഡീഷ്യൽ സ്റ്റാഫ് ഓർഗനൈസേഷൻ ഫയൽ ചെയ്ത WP(C)No.22363/2016 എന്ന ഹർജി പരിഗണിക്കവെ, മേൽ തീരുമാനങ്ങൾ കൂടി പരിഗണിച്ച്കൊണ്ട് ബഹു. ഹൈക്കോടതി 29.10.2025 ലെ ഉത്തരവ് പ്രകാരം, ജില്ലാ ജുഡീഷ്യറിയിൽ ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ പരിശോധിച്ച് വിലയിരുത്തുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിന് ഏകീകൃത മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിനും മനുഷ്യവിഭവശേഷിയുടെ പരിപൂർണ വിനിയോഗത്തിനും ആയി ഒരു ഉന്നതതല സമിതിയുടെ ഔപചാരിക രൂപീകരണത്തിന് നിർദ്ദേശിച്ചു.

4) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി; ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി; കേരള ഹൈക്കോടതി രജിസ്ട്രാർ ജനറൽ (കോർഡിനേറ്റർ); കേരള ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി), നിയമ വകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെടുന്ന ഒരു ഉന്നതതല സമിതി രൂപീകരിച്ചു.

5) തുടർന്ന്, 17.11.2025 ലെ കത്ത് പ്രകാരം, ജില്ലാ ജുഡീഷ്യറിയിൽ ജീവനക്കാരുടെ തസ്തികകളുടെ കുറവ് പരിഹരിക്കുന്നതിലേക്കായി അടിയന്തരമായി ആവശ്യമുള്ള ചുവടെ ചേർത്തിരിക്കുന്ന 80 തസ്തികകൾ ഒരു ഇടക്കാല നടപടിയുടെ ഭാഗമായി സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം കേരള ഹൈക്കോടതി രജിസ്ട്രാർ ജനറൽ സമർപ്പിച്ചു;

| **Sl No.** | **Post** | **Courts for which posts are required** | **Number post** |
|---|---|---|---|
| 1 | Junior Superintendent | 18 Family Courts | 18 |
| 2 | Bench Clerk | 8 Family Courts | 8 |
| 3 | Clerk | 11 Additional District & Sessions Courts dealing with POCSO cases (except Thiruvananthapuram, Ernakulam & Kozhikode) | 11 |
| 4 | Clerk | 12 Principal District and Sessions Courts (except Thodupuzha & Kozhikode) for dealing with NDPS matters. | 12 |
| 5 | Clerk | 14 Additional District Courts designated for dealing LARR matters | 14 |
| 6 | Clerk | 14 Additional District Courts designated for dealing BUDS Act cases | 14 |
| 7 | Junior Superintendent &Head Clerk | Principal District Court, Thrissur | 2+1 |
| | **Total Number of** | | **80** |

| | | | |
|---|---|---|---|
| | **additional Posts** | | |

6) 20.11.2025-ന് ചേർന്ന ഉന്നതതല സമിതി യോഗം പ്രസ്തുത നിർദ്ദേശം പരിഗണിക്കുകയും, പ്രസ്തുത നിർദ്ദേശം അടിയന്തരമായി പരിഗണിക്കാൻ തീരുമാനിക്കുകയും, തസ്തികകളുമായി ബന്ധപ്പെട്ട സാമ്പത്തിക ബാദ്ധ്യത ലഭ്യമാക്കുവാനും തീരുമാനിച്ചു. തുടർന്ന്, 80 തസ്തികകൾ സൃഷ്ടിക്കുമ്പോൾ ₹3,94,88,400/- രൂപയുടെ വാർഷിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്ന് രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7) ഫയൽ ധനകാര്യ വകുപ്പിന് കൈമാറിയപ്പോൾ, പ്രസ്തുത വകുപ്പ് ചുവടെ ചേർത്തിരിക്കും പ്രകാരം അഭിപ്രായപ്പെട്ടു:

"ഭരണ വകുപ്പ് ലഭ്യമാക്കിയ ശിപാർശയിലെ ചുവടെക്കാണും പ്രകാരമുള്ള തസ്തികകൾ അനുവദിക്കുന്നതിനായി ധനവകുപ്പ് അംഗീകാരം നൽകുന്നു.

| Sl.No | Posts | Courts for which posts are requested | Number of posts sanctioned |
|---|---|---|---|
| 1 | Junior Supdt. | Junior Supdt.-18 posts (18 Family Courts) | 18 |
| 2 | Bench Clerk | Bench clerk-8 post (8 Family Courts) | 08 |
| 3 | Junior Supdt. & Head Clerk | Junior Supdt. & Head Clerk -2+1 (Principal District Court, Thrissur) | 2+1 |
| 4 | Clerk | 11 Additional District & Sessions Courts dealing with POCSO cases (except Thiruvananthapuram, Ernakulam & Kozhikode) | 11 |
| 5 | Clerk | 12 Principal District and Sessions Courts (except Thodupuzha & Kozhikode) for dealing with NDPS matters. | 12 |

| | | | |
|---|---|---|---|
| | | Total | 52 |

ഇതിന് ബഹു. ധന മന്ത്രിയുടെ അംഗീകാരമുണ്ട് "

8) ഫയൽ ചംക്രമണം ചെയ്യപ്പോൾ, ഈ വിഷയം മന്ത്രിസഭയുടെ മുൻപാകെ സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

9) ആയതിനെ തുടർന്ന് വിഷയം 18.02.2026 ലെ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും, ചുവടെ പറയും പ്രകാരം തീരുമാനമാകുകയും ചെയ്തിരുന്നു:-

" കുറിപ്പിലെ നിർദ്ദേശം മന്ത്രിസഭ പരിഗണിച്ചു. W.P.(PIL) No. 4 & 8 of 2026 എന്ന് പൊതുതാൽപ്പര്യ ഹർജിയിന്മേൽ ബഹു. ഹൈക്കോടതിയുടെ 17.02.2026-ലെ വിധിന്യായം പ്രത്യേകിച്ച് മന്ത്രിസഭയുടെ അധികാരം സംബന്ധിച്ചുള്ള വിധിന്യായത്തിലെ 48-ാം ഖണ്ഡികയിലുള്ള നിരീക്ഷണങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ മന്ത്രിസഭായോഗം ചർച്ച ചെയ്തു. പ്രസ്തുത വിധിന്യായത്തിലെ 48-ാം ഖണ്ഡിക താഴെപ്പറയും പ്രകാരമാണ്.

48. In the instant case, the purported decision of the Cabinet was neither placed before the Legislature, though the Legislature was in session at the relevant time, nor it was even placed subsequently for its consideration. The Cabinet cannot proceed on the assumption that its decision involving additional expenditure would ultimately be approved by the Legislature. The procedure to be followed in financial matters have been discussed in Articles 202 to 207 of the Constitution of India. The Ministers constituting the Cabinet act on the principle of collective

responsibility and the most important questions of policy are all formulated by them under Article 202 of the Constitution of India.

പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് മുഖേനയുണ്ടാകുന്ന അധിക സാമ്പത്തികബാധ്യത വഹിക്കുന്നതിനുള്ള തുക നിലവിലുള്ള ബഡ്ജറ്റ് അലോക്കേഷനിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ആയതിന് വേണ്ട Additional expenditure വഹിക്കുന്നതിന് തുക കണ്ടെത്തുന്ന കാര്യത്തിൽ നിയമസഭയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുള്ളതിനാൽ ഇപ്പോൾ കുറിപ്പിലെ നിർദ്ദേശം മന്ത്രിസഭായോഗത്തിൽ പരിഗണിക്കാൻ കഴിയുന്നില്ലായെന്നുള്ള കാര്യം മന്ത്രിസഭായോഗം നിരീക്ഷിച്ചുകൊണ്ട് ഇക്കാര്യം മാറ്റിവെയ്ക്കുവാൻ തീരുമാനിച്ചു "

10) അതേസമയം, കേരള സംസ്ഥാനം ഫയൽ ചെയ്ത SLP (C) Nos. 7508-7509/2026 എന്ന ഹർജി പരിഗണിച്ച ബഹു. സുപ്രീംകോടതി, 24.02.2026 ലെ വിധിന്യായപ്രകാരം, WP(PIL)No.4/2026 & WP(PIL)No.8/2026 എന്നീ ഹർജികളിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 17.02.2026 ലെ വിധിന്യായം സ്റ്റേ ചെയ്തിട്ടുണ്ട്. ജില്ലാ ജുഡീഷ്യറിയിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ബഹു. ഹൈക്കോടതിയുടെ WP(C) നമ്പർ 22363/2016 ഹർജിയിലെ ഉത്തരവ് നടപ്പാക്കിയില്ലെന്ന് ആരോപിച്ചുകൊണ്ട് കേരള സിവിൽ ജുഡീഷ്യൽ സ്റ്റാഫ് ഓർഗനൈസേഷൻ ബഹു. ഹൈക്കോടതി മുമ്പാകെ കോടതിയലക്ഷ്യ ഹർജി Contempt Case (C)No.551 of 2026 ഫയൽ ചെയ്യുകയും പ്രസ്തുത ഹർജിയിന്മേൽ 25.02.2026 ൽ ബഹു. ഹൈക്കോടതി ചുവടെ ചേർക്കും പ്രകാരം ഉത്തരവിടുകയുണ്ടായി:-

*The learned Advocate General has assured that the proposal for the creation of the posts shall be placed before the Cabinet again and it is likely that approval will be accorded within a period of two weeks from today and thereafter consequential steps may be taken.*

11) മേൽ സാഹചര്യത്തിൽ, ജില്ലാ ജുഡീഷ്യറിയിൽ 52 തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കായി വീണ്ടും സമർപ്പിക്കാവുന്നതാണ്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

ധനകാര്യ വകുപ്പ് അംഗീകരിച്ചതും, മേൽ ഖണ്ഡിക 7 ൽ പ്രതിപാദിച്ചിട്ടുള്ളതുമായ 52 തസ്തികകൾ ജില്ലാ ജുഡീഷ്യറി എസ്റ്റാബ്ലിഷ്മെന്റിൽ സൃഷ്ടിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് WP(C) നമ്പർ 22363/2016 മേലുള്ള കോടതിയലക്ഷ്യ കേസ് (സിവിൽ) നം.551 /2026 മേലുള്ള 25.02.2026 ലെ ഉത്തരവ് നടപ്പിലാക്കാമോ?